പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3338 | 29/01/2014-ൽ മറുപടിയ്ക്ക്

## കൃഷി പ്രോത്സാഹിപ്പിക്കാൻ കാർഷിക ക്ലബ്ബുകൾ

ചോദ്യം
ശ്രീ. രാജു എബ്രഹാം

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) നെൽകൃഷി കൂടാതെ മറ്റു കൃഷികളും, പച്ചക്കറികൃഷികളും പ്രോത്സാഹിപ്പിക്കുന്നതിനും, ജനകീയമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ;

എ) നെൽ കൃഷി കൂടാതെ മറ്റു കൃഷികളും പച്ചക്കറി കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I. പച്ചക്കറി വികസന പദ്ധതി 2013-14.
ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

1. പുരയിടങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾ മുഖേനയും, കൃഷി ഭവൻ മുഖേനയും 55 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ നിന്ന് 500 ലക്ഷം രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ നിന്ന് 600 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

2. മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി ചെടികളുടെ 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപയുടെ യൂണിറ്റ് 1500 രൂപ സബ്സിഡിയോടെ നൽകി വരുന്നു. ഈ വർഷം 28000 ഗ്രോബാഗുകൾ നൽകാനായി 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 19743 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കഴിഞ്ഞ വർഷം നൽകിയ ഗ്രോബാഗുകളെ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവർത്തന ചിലവായി 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

3. 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു വിദ്യാലയത്തിന് 4000 രൂപ നിരക്കിൽ 100 ലക്ഷം രൂപയും പ്രവർത്തന ചിലവായി 1000 രൂപ നിരക്കിൽ 40

ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ജലസേചനത്തിന് 400 പമ്പ് സെറ്റുകൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 212 പമ്പ് സെറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ പ്രോജക്ടടിസ്ഥാനത്തിൽ പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 135 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 198 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്.

4. പച്ചക്കറി ക്ലസ്റ്ററുകൾക്ക് കൃഷി ചെയ്യാനായി ഹെക്ടറിന് 15,000/- രൂപ നിരക്കിൽ സഹായം നൽകുന്നു. 5 ഹെക്ടർ വരുന്ന ക്ലസ്റ്ററിന് 75,000 രൂപ ധനസഹായം ലഭിക്കും. 2490 ക്ലസ്റ്ററുകൾക്കായി 1867.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 1522 ക്ലസ്റ്ററുകൾ കൃഷി തുടങ്ങി കഴിഞ്ഞു. ക്ലസ്റ്ററുകളുടെ അടിസ്ഥാന ചിലവുകൾക്കായി 2100 ക്ലസ്റ്ററുകൾക്കായി 2000 രൂപ നിരക്കിൽ ആകെ 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ക്ലസ്റ്ററുകളിൽ നൂതനമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
5. ക്ലസ്റ്ററുകൾക്ക് പമ്പ് സെറ്റ് വാങ്ങാൻ 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപ ധനസഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 979 പമ്പ് സെറ്റുകൾ വാങ്ങിക്കഴിഞ്ഞു.
6. ക്ലസ്റ്ററുകൾക്ക് സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങാനായി 50% സബ്സിഡി നിരക്കിൽ പരമാവധി 1,500/- രൂപ ധനസഹായം നൽകുന്നു. 1000 സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 672 സസ്യ സംരക്ഷണ ഉപകരണങ്ങൾ നൽകിക്കഴിഞ്ഞു.
7. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങളിൽ എത്തുന്ന വിദ്യാർത്ഥി, വിദ്യാലയം, അധ്യാപകൻ, സ്ഥാപന മേധാവി, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ, കർഷകൻ, ക്ലസ്റ്റർ, ഉദ്യോഗസ്ഥർ എന്നിവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.
8. 1316 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/-രൂപ

നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി 394.8 ലക്ഷം രൂപ നൽകുന്നു. ഇതുവരെ 327 ഹെക്ടർ തരിശുനിലത്തിൽ കൃഷി ഇറക്കിയിട്ടുണ്ട്.

9. കർഷകർക്ക് ആവശ്യാനുസരണം വിത്തുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 20 വിത്തു വിതരണ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്.
10. എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് വികസന സഹായം നൽകുന്നതിനായി 630 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 100 ക്ലസ്റ്ററുകളുടെ വികസനത്തിനായാണ് ഈ തുക നൽകുന്നത്.
11. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് 30 സെന്റ് വീതമുള്ള പ്രദർശനതോട്ടങ്ങൾക്ക് 12000 രൂപ ധനസഹായം നൽകുന്നു. ആകെ 450 പ്രദർശനത്തോട്ടങ്ങളാണ് നിർമ്മിക്കുന്നത്. 100 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.
12. ക്ലസ്റ്ററുകളിലെ കർഷകർക്ക് ഉല്പന്നങ്ങളുടെ സംഭരണത്തിനും വില്പനയ്ക്കും സഹായം നൽകുന്നതിനായി ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 20 ബ്ലോക്കുകളിലായി ഇത്തരം ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
13. ബ്ലോക്കുതലത്തിൽ ഹൈടെക് നഴ്സറികൾ (500 ചതുരശ്ര മീറ്റർ) സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 15 നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
14. കിഴങ്ങു വർഗ്ഗ വിളകളുടെ വികസനത്തിനായി 150 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദേശീയ കിഴങ്ങുവിള ഗവേഷണ കേന്ദ്രം (സി.റ്റി.സി.ആർ.ഐ) മുഖേന മരച്ചീനി, കാച്ചിൽ, ചേന എന്നിവയുടെ വിത്തുകൾ നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
15. മാധ്യമങ്ങൾ മുഖേന പച്ചക്കറി വിത്തുകൾ

വിതരണം ചെയ്യുന്നതിനായി കേരള വിത്തു വികസന അതോറിറ്റിയ്ക്ക് 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മലയാള മനോരമ പ്രസിദ്ധീകരണങ്ങൾ വഴി 4 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും മാതൃഭൂമി വഴി 1 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

II. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി വികസനത്തിനായി വയനാട് പാക്കേജ് പ്രകാരം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

III. തരിശു രഹിത പഞ്ചായത്ത് എന്ന പദ്ധതി പ്രകാരം 934 ഹെക്ടർ സ്ഥലത്ത് വാഴ, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനായി 347.2 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- **വാഴ - പച്ചക്കറി കൃഷിയുടെ വ്യാപനം :-** കൗൺസിലിലെ കർഷകർ കഴിഞ്ഞ സാമ്പത്തിക വർഷം 22840 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും 23694 ഹെക്ടർ സ്ഥലത്ത് വാഴയും കൃഷി ചെയ്തിട്ടുണ്ട്. 1,75,022 മെട്രിക്ടൺ പച്ചക്കറികളും 2,65,110 മെട്രിക്ടൺ കായയും ഉത്പ്പാദിപ്പിക്കുവാൻ കഴിഞ്ഞു.

- **നാടൻ പച്ചക്കറികളുടെ പ്രചാരം :-** പച്ചക്കറികളിലെ നാടൻ ഇനങ്ങൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി 14 ജില്ലകളിലും മേന്മയേറിയ നാടൻ ഇനങ്ങളുടെ 25 പ്രദർശനത്തോട്ടങ്ങളൊരുക്കുകയും മികച്ച ഇനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

- **ശീതകാല പച്ചക്കറി കൃഷി :-** സമതലങ്ങളിൽ ശീതകാല പച്ചക്കറി കൃഷി വാണിജ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 100 ഹെക്ടർ സ്ഥലത്ത് കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട്, കാപ്സിക്കം തുടങ്ങിയ ശീതകാല പച്ചക്കറികൾ കൃഷി ചെയ്തീട്ടുണ്ട്.

- **ഹരിതനഗരി:-** ഗൃഹപരിസരങ്ങളിലും മട്ടുപ്പാവിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഹരിതനഗരി പദ്ധതിയിൽ 2749 പേർ ഉപഭോക്താക്കളായി.

- **നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും:-**

  - ഗാർഹിക പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള 42 ലക്ഷം പച്ചക്കറിത്തൈകൾ

ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.

- ആലത്തൂരിലുള്ള വിത്ത് സംസ്ക്കരണശാല വഴി 17 ഇനം അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 104 കർഷകർ 750 ഏക്കറിൽ നിന്നും ഉൽപ്പാദിപ്പിച്ച 61 മെട്രിക് ടൺ വിത്താണ് വിത്ത് സംസ്ക്കരണശാല വഴി സംസ്ക്കരിച്ച് വിതരണം നടത്തിയത്.

- വിത്ത് സംസ്ക്കരണശാലയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ടിഷ്യുക്കൾച്ചർ ലാബിൽ നിന്നും 4.45 ലക്ഷം ടിഷ്യുക്കൾച്ചർ വാഴത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു.

- ഫലവൃക്ഷങ്ങളുടെ 1,46,175 ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

- **തരിശുനിലങ്ങളിൽ വാഴ കൃഷി** :- വാഴ കൃഷി വ്യാപനത്തിന്റെ ഭാഗമായി 1200 ഹെക്ടർ പുതിയ തരിശുനിലങ്ങളിലേയ്ക്ക് വാഴ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

- **പങ്കാളിത്ത ഗവേഷണം**:- ഈ പദ്ധതി പ്രകാരം 70 പരീക്ഷണത്തോട്ടങ്ങൾ നടത്തുകയും 130 മാതൃകാ പ്രദർശനത്തോട്ടങ്ങളും 14 തീവ്രയത്ന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും പ്രകൃതിക്കിണങ്ങിയ കൃഷി രീതികളും, കമ്പോസ്റ്റിങ് രീതികളും ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന് ഇവ സഹായിച്ചിട്ടുണ്ട്.

**ജൈവ പച്ചക്കറി കൃഷി**:- ജൈവ പച്ചക്കറി കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും ഹൈടെക് കൃഷി പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ, പച്ചക്കറി വികസന പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

2013-14 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം 100 കോടി രൂപയുടെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളനുസരിച്ചുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും.
2. ഹോർട്ടിക്കൾച്ചർ വിളകളുടെ വിള വിസ്തൃതി വ്യാപനം.

3. ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, മാനവ വിഭവശേഷി വികസനം, വിളവെടുപ്പാനന്തര പരിപാലനം.
4. വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം.
5. ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം.
6. ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ.
7. ശീതകാല പച്ചക്കറി കൃഷി വികസന പദ്ധതി.
8. വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്.
9. മട്ടുപ്പാവിലെ പച്ചക്കറി.

ബി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ കോമ്പൗണ്ടുകളിൽ വിദ്യാർത്ഥികളുടെ കൃഷിത്തോട്ട-ങ്ങളും പച്ചക്കറികൃഷിയും വ്യാപക മാക്കുന്നതിന് സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കു-ന്നതിനും, മികച്ച വിളവ് നേടുന്ന സ്കൂളുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ബി) പച്ചക്കറി വികസന പദ്ധതി 2013-14 പ്രകാരം സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുന്നതിനും കാർഷിക ക്ലബുകൾ രൂപീകരിക്കുന്നതിനും സ്കൂളുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

സംസ്ഥാനത്തെ 2500 സ്കൂളുകളിൽ കുട്ടികളുടെ കാർഷിക ക്ലബുകൾ (ഹരിതാ ക്ലബുകൾ) രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്തുവരുന്നു. കുറഞ്ഞ 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കൃഷി ചിലവായി 4000 രൂപയും പ്രവർത്തന ചിലവായി 1000 രൂപയും സഹായമായി നൽകിയിട്ടുണ്ട്. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്കൂൾ, വിദ്യാർത്ഥി, അദ്ധ്യാപകൻ എന്നിവർക്ക് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. ജില്ലാ തലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് 10,000, 5,000, 3,000 രൂപാ നിരക്കിലും സംസ്ഥാന തലത്തിൽ 25,000, 15,000, 10,000 രൂപ നിരക്കിലും ക്യാഷ് അവാർഡ് നൽകുന്നു.

സെക്ഷൻ ഓഫീസർ